ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 31.08.2024 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. ജില്ലാ ജുഡീഷ്യറിയുടെ ദേശീയ സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will inaugurate the two-day National Conference of District Judiciary at Bharat Mandapam in New Delhi today.**

2. മൂന്ന് പുതിയ വന്ദേഭാരത് ട്രെയിനുകൾ പ്രധാനമന്ത്രി ഇന്ന് രാഷ്ട്രത്തിന് സമർപ്പിക്കും.

   **PM Narendra Modi to flag off 3 Vande Bharat trains today through video conferencing.**

3. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പരിവർത്തന ആനുകൂല്യങ്ങൾ, രാജ്യത്തെ എല്ലാ കുട്ടികൾക്കും ലഭ്യമാക്കണമെന്ന് കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ.

   **Union Education Minister, Dharmendra Pradhan reiterates the Central government's commitment to ensure that every child in the country has access to the transformative benefits of the NEP.**

4. കേരളത്തിൽ ചൊവ്വാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് 10 ജില്ലകളിൽ മഞ്ഞ ജാഗ്രത, കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   **IMD predicts that rain will continue till Tuesday in Kerala. Yellow alert in 10 districts, fishing ban in Kerala Karnataka and Lakshadweep coasts.**

5. പാരീസ് പാരാലിമ്പിക്സ് മൂന്നാം ദിനത്തിലും മെഡൽ പ്രതീക്ഷയോടെ ഇന്ത്യ; ജാവലിൻ ത്രോ ഫൈനലിൽ പർവീൺ കുമാർ ഇന്നിറങ്ങും.

**At the Paralympic Games in Paris, India's medal hopes continue to the 3rd day; Parveen Kumar will compete in the Javelin throw final today.**

**************************************************

## HEADLINE-1

## PM-JUDICIARY

ജില്ലാ ജുഡീഷ്യറിയുടെ ദേശീയ സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാവിലെ ഉദ്ഘാടനം ചെയ്യും. സുപ്രീം കോടതി സ്ഥാപിതമായതിന്റെ 75-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പുറത്തിറക്കും. സുപ്രീം കോടതി സംഘടിപ്പിക്കുന്ന ദ്വിദിന കോൺഫറൻസിൽ, ജില്ലാ ജുഡീഷ്യറിയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യം, മാനവവിഭവശേഷി, എല്ലാവരെയും ഉൾക്കൊള്ളുന്ന കോടതിമുറികൾ, ജുഡീഷ്യൽ സുരക്ഷ, ജുഡീഷ്യൽ പരിശീലനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യും. സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, സുപ്രീം കോടതിയിലെ മറ്റ് ജഡ്ജിമാർ, കേന്ദ്ര നിയമ-നീതി സഹമന്ത്രി, ഇന്ത്യൻ അറ്റോർണി ജനറൽ തുടങ്ങിയവർ പങ്കെടുക്കും.

****************************************

## HEADLINE-2

## PM-VANDE BHARAT (INTRO)

രാജ്യത്തെ മൂന്ന് വന്ദേ ഭാരത് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിദൂര ദൃശ്യ സംവിധാനത്തിലൂടെ ഫ്ലാഗ് ഓഫ് ചെയ്യും. മീററ്റ് - ലക്നൗ, മധുര - ബെംഗളൂരു, ചെന്നൈ - നാഗർകോവിൽ എന്നീ മൂന്ന് പാതകളിലാണ് പുതിയ വന്ദേഭാരത് ട്രെയിനുകൾ സർവീസ് ആരംഭിക്കുന്നത്.

വിശദാംശങ്ങളിലേക്ക്...

(വോയിസ്)

*പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കുന്ന അത്യാധുനിക വന്ദേ ഭാരത് എക്സ്പ്രസുകൾ ഉത്തർപ്രദേശ്, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങൾ തമ്മിൽ അതിവേഗത്തിലുള്ള മികച്ച യാത്രാ സൗകര്യം സാധ്യമാക്കുന്നതാണ്. മീററ്റ്-ലഖ്നൗ; മധുര-ബെംഗളൂരു, ചെന്നൈ-നാഗർകോവിൽ എന്നീ മൂന്നു പാതകളിലെ യാത്രാസൗകര്യം ഇതിലൂടെ മെച്ചപ്പെടും. ചെന്നൈ എഗ്മോർ-നാഗർകോവിൽ വന്ദേ ഭാരത്, മധുര-ബെംഗളൂരു വന്ദേ ഭാരത് ട്രെയിനുകൾ യഥാക്രമം 2 മണിക്കൂറിലധികം, യാത്രാസമയം ലാഭിക്കാൻ സഹായിക്കുന്നവയാണ്. ഈ പുതിയ വന്ദേ ഭാരത് ട്രെയിനുകൾ ഈ മേഖലയിലെ ജനങ്ങൾക്കു ലോകോത്തര നിലവാരത്തിലുള്ള യാത്ര പ്രദാനം ചെയ്യും.* ***ന്യൂസ് ഡെസ്ക് ആകാശവാണി...***

****************************************

## VICE PRESIDENT- UTTARAKHAND VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ഉത്തരാഖണ്ഡിലെത്തും. ഡെറാഡൂണിലെ CSIR–ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോളിയം, രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജ്, ഋഷികേശിലെ എയിംസ് എന്നിവ സന്ദർശിക്കുന്ന അദ്ദേഹം ശാസ്ത്രജ്ഞർ, അദ്ധ്യാപകർ വിദ്യാർത്ഥികൾ എന്നിവരുമായി സംവദിക്കും.

****************************************

## HEADLINE-3
## PRADHAN-STALIN

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പരിവർത്തന ആനുകൂല്യങ്ങൾ, രാജ്യത്തെ എല്ലാ കുട്ടികൾക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാനുള്ള

കേന്ദ്ര സർക്കാരിന്റെ പ്രതിജ്ഞാബദ്ധത ആവർത്തിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ, തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിന് കത്തയച്ചു. തമിഴ്നാട്ടിൽ നിന്നുള്ള പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് സമഗ്ര ശിക്ഷാ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി. തമിഴ്നാട്ടിലെ സ്കൂളുകളിൽ തമിഴ് ഭാഷ പഠിപ്പിക്കുക എന്ന ആശയത്തെ നയം പൂർണ്ണമായി പിന്തുണയ്ക്കുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി. ലോകത്തിലെ ഏറ്റവും പഴക്കമുള്ള ക്ലാസിക്കൽ ഭാഷകളിലൊന്നാണ് തമിഴെന്നും ഇന്ത്യയുടെ ദേശീയ അഭിമാനമാണ് തമിഴ് ഭാഷയെന്നും ശ്രീ പ്രധാൻ പരാമർശിച്ചു. അതേസമയം, പലതവണ ആവശ്യപ്പെട്ടിട്ടും പ്രധാനമന്ത്രി ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ തമിഴ്നാട് ഒപ്പുവെച്ചിട്ടില്ലെന്നും കേന്ദ്രവുമായി ധാരണാപത്രം ഒപ്പിടാനും ശ്രീ പ്രധാൻ നിർദ്ദേശിച്ചു.

****************************************

## CHAMPAI SOREN-BJP

ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രി ചമ്പയ് സോറൻ ബിജെപിയിൽ ചേർന്നു. റാഞ്ചിയിൽ നടന്ന ചടങ്ങിൽ മുതിർന്ന ബിജെപി നേതാക്കളായ ബാബുലാൽ മറാണ്ടി, ശിവരാജ് സിംഗ് ചൗഹാൻ, ഹിമന്ത ബിശ്വ ശർമ്മ എന്നിവരും പങ്കെടുത്തു. ബംഗ്ലാദേശിൽ നിന്നുള്ള വ്യാപക നുഴഞ്ഞുകയറ്റം കാരണം സംസ്ഥാനത്തെ സന്താൽ പർഗാന മേഖലയിൽ ഭീഷണി നേരിടുന്ന ഗോത്രവർഗക്കാരുടെ നിലനിൽപ്പ് സംരക്ഷിക്കാനാണ് ബിജെപിയിൽ ചേരുന്നതെന്നും നുഴഞ്ഞുകയറ്റം സംസ്ഥാനത്തിന്റെ ജനസംഖ്യാശാസ്ത്രത്തെ മാറ്റിമറിച്ചിട്ടുണ്ടെന്നും ചമ്പയ് സോറൻ നേരത്തേ വ്യക്തമാക്കിയിരുന്നു.

****************************************

## PM-BRUNEI-SINGAPORE

ബ്രൂണെ-സിംഗപ്പൂർ രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ത്രിദിന സന്ദർശനത്തിന് അടുത്തമാസം 3ന് തുടക്കമാകും. ബ്രൂണെ സുൽത്താൻ ഹാജി ഹസനാൽ

ബോൾകിയയുടെ ക്ഷണപ്രകാരം ചൊവ്വാഴ്ച പ്രധാനമന്ത്രി, ബ്രൂണെ ദാറുസ്സലാം സന്ദർശിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യയും ബ്രൂണെയും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 40-ാം വാർഷികത്തോടനുബന്ധിച്ചാണ് സന്ദർശനമെന്ന് മന്ത്രാലയം വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ പറഞ്ഞു. ബ്രൂണെയിൽ ഒരു ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന ആദ്യ ഉഭയകക്ഷി സന്ദർശനം കൂടിയായിരിക്കും ഇത്. ബ്രൂണെ സന്ദർശനം പൂർത്തിയാക്കിയ ശേഷം ബുധനാഴ്ച പ്രധാനമന്ത്രി, സിംഗപ്പൂരിലേക്ക് തിരിക്കും. സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ്ങിന്റെ ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സിംഗപ്പൂർ സന്ദർശനം.

****************************************

## SUSHRI SHOBHA KARANDLAJE

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും തൊഴിൽ ഉൽപ്പാദനവും തൊഴിൽ പരിഷ്കരണവും പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്രസഹമന്ത്രി ശോഭ കരന്ദ്ലാജെയുടെ അധ്യക്ഷതയിൽ മേഖലാതല യോഗം ചേർന്നു. ബെംഗളൂരുവിൽ നടന്ന യോഗത്തിൽ കേരളം, കർണാടക, തമിഴ്നാട്, തെലങ്കാന, പുതുച്ചേരി, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലെ പ്രതിനിധികളുമായി ഇത് സംബന്ധിച്ച് ചർച്ച ചെയ്തു. തൊഴിൽ പരിഷ്കരണങ്ങൾ വിജയകരമായി നടപ്പാക്കുന്നതിൽ സംസ്ഥാനങ്ങൾ നിർണായക പങ്ക് വഹിക്കണമെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു. തൊഴിൽ പരിഷ്കരണങ്ങൾ, ഇ-ശ്രം പോർട്ടൽ, തൊഴിലവസരങ്ങൾ വർധിപ്പിക്കൽ എന്നിവ ചർച്ചാ വിഷയമായി.

****************************************

## IMD-CYCLONE ASNA

അസ്ന ചുഴലിക്കാറ്റ് വടക്കുകിഴക്കൻ അറബിക്കടലിന് മുകളിലൂടെ പടിഞ്ഞാറ് ദിശയിലേക്ക് നീങ്ങാൻ സാധ്യതയുണ്ടെന്ന്

കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ചുഴലിക്കാറ്റിനെ തുടർന്ന് കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ഗുജറാത്തിലെ കച്ചിൽ കനത്ത മഴയാണ് ലഭിച്ചത്. അതേസമയം, അടുത്ത രണ്ട് ദിവസങ്ങളിൽ ഒഡീഷ, തീരദേശ ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഡ്, വിദർഭ, തെലങ്കാന എന്നിവിടങ്ങളിലും വടക്കു കിഴക്കൻ ഇന്ത്യ, സബ് ഹിമാലയൻ പശ്ചിമ ബംഗാൾ, ആൻഡമാൻ നിക്കോബാർ ദ്വീപുകളിലും അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

****************************************

## HEADLINE-4
## RAIN

കേരളത്തിൽ ചൊവ്വാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. പത്തു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തൃശൂർ, പാലക്കാട്, തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിലാണ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചത്. അറബിക്കടലിലെത്തിയ ന്യൂനമർദത്തെ തുടർന്നാണ് സംസ്ഥാനത്ത് മഴ ശക്തമാകുന്നത്. മണ്ണിടിച്ചിലിനും വെള്ളപ്പൊക്കത്തിനും സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. കേരള -കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

****************************************

## HC-WAYANAD

വയനാട്ടിൽ ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പിൽ കഴിയുന്നവരെ എത്രയും വേഗം വീടുകളിലേക്ക് മാറ്റി താമസിപ്പിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശം. ക്യാമ്പിൽ നിന്ന് മാറാൻ വിസമ്മതിക്കുന്നവരുടെ കാരണങ്ങൾ പരിശോധിക്കണമെന്നും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ആവശ്യപ്പെട്ടു. വയനാട് ഉരുൾപൊട്ടലിൽ സ്വമേധയാ എടുത്ത കേസ്

പരിഗണിക്കുകയായിരുന്നു ഹൈക്കോടതി. കൂടുതൽ പരാതി പരിഹാര സെല്ലുകൾ ആരംഭിക്കണമെന്നും കോടതി ആവശ്യപ്പെട്ടു.

****************************************

## HEADLINE-5
## REV EVE PARALYMPICS

പാരീസ് പാരാലിമ്പിക്സ് മൂന്നാം ദിനത്തിലും മെഡൽ പ്രതീക്ഷയോടെ ഇന്ത്യ. അത്ലറ്റിക്സിൽ ഇന്ന് രാത്രി നടക്കുന്ന ജാവലിൻ ത്രോ എഫ് 57 ഫൈനൽ ഇനത്തിൽ പർവീൺ കുമാർ ഇന്ത്യക്കായി കളത്തിലിറങ്ങും. പാരാ ഷൂട്ടിംഗിൽ, പുരുഷന്മാരുടെ 10 മീറ്റർ എയർ റൈഫിൾസ് സ്റ്റാൻഡിംഗ് എസ്എച്ച് 1 യോഗ്യതാറൗണ്ടിൽ സ്വരൂപ് മഹാവീർ ഉൻഹാൽക്കർ ഇന്ന് മത്സരിക്കും. വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ എസ്എച്ച് 1 ക്യാറ്റഗറി യോഗ്യത റൗണ്ടിൽ റുബീന ഫ്രാൻസിസും ഇന്നിറങ്ങും. ഇന്നലെ, വനിതകളുടെ 10 മീറ്റർ എയർ റൈഫിളിൽ ഇന്ത്യയുടെ അവനി ലേഖര റെക്കോർഡോടെ സ്വർണം നേടിയിരുന്നു. ഇതേ ഇനത്തിൽ മോനാ അഗർവാളും പെൺകുട്ടികളുടെ നൂറുമീറ്റർ ഓട്ടമത്സരത്തിൽ പ്രീതി പാലും വെങ്കല മെഡൽ കരസ്ഥമാക്കിയപ്പോൾ പുരുഷൻമാരുടെ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ മനീഷ് നർവാൾ ഇന്ത്യയ്ക്കായി വെള്ളി മെഡൽ സ്വന്തമാക്കി. മെഡൽ നേടിയ താരങ്ങളെ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും അഭിനന്ദിച്ചു.

****************************************

## WORLD U20 ATHLETICS

പെറുവിലെ ലിമയിൽ നടന്ന ലോക അണ്ടർ 20 അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ, വനിതകളുടെ 10,000 മീറ്റർ റേസ് വാക്കിൽ ഇന്ത്യയുടെ ആരതി വെങ്കല മെഡൽ നേടി. 44 മിനിറ്റ് 39 സെക്കൻഡിൽ ഫിനിഷ് ചെയ്താണ് ആരതിയുടെ വെങ്കലനേട്ടം. ചൈനീസ് താരം സുവോമ ബൈമ ഇതേ ഇനത്തിൽ സ്വർണമെഡൽ കരസ്ഥമാക്കി.

****************************************

## DURAND CUP

ഡ്യൂറന്റ് കപ്പ് ഫൈനലിൽ ഇന്ന് മോഹൻ ബഗാൻ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ വൈകിട്ട് അഞ്ചരയ്ക്കാണ് കിരീട പോരാട്ടം.

****************************************

## ISRAEL-GAZA

ഗസ മുനമ്പിലെ ഖാൻ യൂനിസ്, ദേർ അൽ-ബലാഹ് നഗരപ്രദേശങ്ങളിൽ നിന്ന് പിൻവാങ്ങിയതായി ഇസ്രായേൽ സൈന്യം അറിയിച്ചു. ഈ മേഖലകളിലെ സൈനിക നടപടി അവസാനിപ്പിച്ചതായി ഇസ്രായേൽ സൈനിക വക്താവ് പറഞ്ഞു. ഇവിടങ്ങളിൽ നിന്ന് പലായനം ചെയ്തവർക്ക് തിരികെയെത്താമെന്നും സൈന്യം അറിയിപ്പ് നൽകി. ഒക്ടോബർ 7നുണ്ടായ ഹമാസിന്റെ ആക്രമണത്തിന് പിന്നാലെ ഗസയിലെ സൈനിക നടപടിയിൽ ഇതുവരെ 40,000ത്തിൽ അധികംപേരാണ് കൊല്ലപ്പെട്ടത്.

****************************************

## GERMANY-AFGHAN DEPORTATION

ജർമ്മനിയിൽ നിന്ന് 8 അഫ്ഗാൻ പൗരന്മാരെ അഫ്ഗാനിസ്ഥാനിലേക്ക് തിരിച്ചയച്ചു. നാടുകടത്തപ്പെട്ടവരെല്ലാം ജർമ്മനിയിൽ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവരാണെന്നും അവർക്ക് രാജ്യത്ത് തുടരാൻ അവകാശമില്ലെന്നും ഔദ്യോഗിക വക്താവ് അറിയിച്ചു. മൂന്ന് മാസം മുമ്പ് മാൻഹൈമിൽ നടന്ന രാഷ്ട്രീയ റാലിയിൽ അഫ്ഗാൻ പൗരൻ ഒരു പോലീസ് ഉദ്യോഗസ്ഥനെ കൊല്ലുകയും നിരവധി പേരെ പരിക്കേൽപ്പിക്കുകയും ചെയ്തതിനെ തുടർന്നാണ് അഫ്ഗാൻ പരൗന്മാരെ നാടുകടത്താനുള്ള നടപടികൾ ആരംഭിച്ചത്.

*

*******************

**********************************************************************